പദ്ധതിയുടെ സാമ്പത്തിക സ്രോതസ്. ഒരു ഭക്ഷണത്തിന് ഏകദേശം 50 രൂപാ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു (ഭക്ഷണം+വിതരണം+ പാത്രം വൃത്തിയാക്കൽ etc.) ഏകദേശം 200 പേർക്ക് ദിനം പ്രതി ഉച്ച ഭക്ഷണമെന്നതാണ് ഇപ്പോഴുള്ള ധാരണ. എത്രപേർ വന്നാലും ഭക്ഷണം കൊടുക്കണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്.

**എങ്ങനെ സഹായിക്കാം?**

1. **ഉച്ചഭക്ഷണം സ്പോൺസർ ചെയ്യാം**

   Eg:- ഒരു ദിവസം 200 x 50 = Rs. 10,000/-

   ഒരു മാസം Rs. 2,60,000/- (26 ദിവസം)

   100 പേർക്കുള്ള ഭക്ഷണം 100 x 50 = Rs. 5,000/-

   എത്ര ഭക്ഷണം വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്.

2. **വോളന്റിയേഴ്സിനെ ആവശ്യമുണ്ട്**

   Eg:- ഭക്ഷണം വിളമ്പാനും

   പാത്രം കഴുകിവയ്ക്കാനും

   സ്ഥലം വൃത്തിയാക്കുവാനും

3. സർവ്വോപരി വി. കുർബാനയിലും പ്രാർത്ഥനയിലും ഈ നിയോഗം സമർപ്പിച്ച് **പ്രാർത്ഥിക്കുവാൻ ആളുകളെ ആവശ്യമുണ്ട്.**

സംഭാവനകൾ അയയ്ക്കാനുള്ള Bank Account:

Malankara Social Service Society - SNEHA VIRUNNU
A/c. No:- 037905300012068
South Indian Bank
Kesavadasapuram Branch
IFSC : SIBL0000379.



# MAJOR ARCHDIOCESE OF TRIVANDRUM

**RT. REV. DR. MATHEW MANAKARAKAVIL COREPISCOPO**
CHIEF VICAR GENERAL

Major Archbishop's House
Pattom, Trivandrum-695 004
Kerala, India.

No. CL-TVM-PS 1/2019 03 June 2019

## സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ 2019 ജൂൺ 15-ന് 60 വയസ് പൂർത്തിയാകുകയാണ് എന്നത് സന്തോഷത്തോടെ ഏവരെയും അറിയിക്കുന്നു. കാരുണ്യവാനായ ദൈവം അത്യഭിവന്ദ്യ ബാവാ തിരുമേനിക്കും വന്ദ്യ പിതാവിലൂടെ നമ്മുടെ സഭയ്ക്കും മേജർ അതിരൂപതയ്ക്കും പൊതുസമൂഹത്തിനും നൽകിവരുന്ന എല്ലാ കൃപാദാനങ്ങൾക്കായും നമുക്ക് ദൈവതിരുമുമ്പാകെ നന്ദി കരേറ്റാം. ജൂൺ 15-ന് വി. കുർബാനയിലും കൂട്ടായ പ്രാർത്ഥനയിലും അത്യഭിവന്ദ്യ ബാവാ തിരുമേനിയെ ഓർത്ത് പ്രാർത്ഥിപ്പാനും ഏവരെയും സ്നേഹപുരസ്സരം ഞാൻ ഓർമ്മപ്പെടുത്തുന്നു.

ഷഷ്ഠിപൂർത്തിയുടെ യാതൊരുവിധ ആഘോഷങ്ങളും വേണ്ടായെന്ന് ബാവാ തിരുമേനി വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ജീവകാരുണ്യ പദ്ധതികൾ ആരംഭിക്കുന്നത് സന്തോഷത്തോടെ വന്ദ്യ പിതാവ് സമ്മതിച്ചിട്ടുണ്ട് എന്നുള്ളതും ഏവരെയും അറിയിക്കുന്നു. ഉച്ചഭക്ഷണത്തിന് ബുദ്ധിമുട്ടുന്ന ആളുകൾക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിനോടു ചേർന്ന് ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള ഒരു കാരുണ്യ പദ്ധതി - **സ്നേഹവിരുന്ന്** - അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ഷഷ്ഠിപൂർത്തിയുടെ സൂചകമായി ആരംഭിക്കുന്നതാണ്. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് ഈ പദ്ധതി ക്രമീകരിക്കുന്നത്. ഇതിന് തുടക്കം കുറിക്കുന്ന ദിവസം ഏവരേയും അറിയിക്കുന്നതാണ്. ഉച്ചയ്ക്ക് 12.30 മുതൽ 2 മണിവരെയുള്ള സമയത്ത് ഉച്ചഭക്ഷണം ആവശ്യമുള്ള ആർക്കും ഈ സ്നേഹവിരുന്ന് നൽകുന്നതാണ്. ഉച്ചയ്ക്ക് ഏകദേശം 200 പേർ ഭക്ഷണം കഴിക്കുവാനുണ്ടാകും എന്നതാണ് ഏകദേശ കണക്ക്. ഇത് മുടക്കം കൂടാതെ എന്നും നടന്നുപോകണമെന്നാണ്

ആഗ്രഹിക്കുന്നത്. സ്നേഹവിരുന്ന് പദ്ധതി ഏവരുടെയും സംഭാവന സ്വീകരിച്ചുകൊണ്ടാണ് ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നത്. ദിവസേനയുള്ള ഉച്ചഭക്ഷണം മുഴുവനായോ, ഭാഗികമായോ സ്പോൺസർ ചെയ്യുന്നതിന് വ്യക്തികളും കുടുംബങ്ങളും സ്ഥാപനങ്ങളും ഇടവകകളും മുൻപോട്ടു വരണം എന്ന് സ്നേഹത്തോടെ എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. വന്ദ്യ പിതാവിനോട് നമുക്കുള്ള സ്നേഹത്തിന്റെ അടയാളമായിരിക്കുമത്.

നമ്മുടെ കത്തീഡ്രൽ, മേജർ ആർച്ച്ബിഷപ്പ്സ് ഹൗസ്, മൈനർ സെമിനാരി ഇവയുടെ സമീപപ്രദേശങ്ങളിൽ ഉച്ചഭക്ഷണം ലഭിക്കാത്തവർക്കും, കബറിൽ പ്രാർത്ഥിക്കുവാൻ വരുന്നവർക്ക് നേർച്ചയായി ഉച്ചഭക്ഷണം കഴിക്കുവാൻ താല്പര്യമുണ്ടെങ്കിൽ അവർക്കും, ഭക്ഷണം ലഭിക്കത്തക്കപോലെ ക്രമീകരണം ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്. ഭക്ഷണ വിതരണത്തിനുള്ള സ്ഥിരസംവിധാനം രൂപപ്പെടുത്തുന്നതുവരെ M.S.S.S.-ൽ ഇത് ക്രമീകരിക്കുന്നതാണ്.

**സുരക്ഷ**

അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ഷഷ്ഠിപൂർത്തി സ്മാരകമായി മേജർ അതിഭദ്രാസനത്തിലെ വിധവകളുടെ സംരക്ഷണത്തിനായി മറ്റൊരു ജീവകാരുണ്യ പദ്ധതി M.S.S.S.-ലൂടെ മേജർ അതിഭദ്രാസനം ക്രമപ്പെടുത്തുന്നു. 75 വിധവകൾക്ക് മാസം 1000/- രൂപാ വീതം 5 വർഷത്തേക്ക് നൽകുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. 100 വിധവകളെ സഹായിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ 75 പേർക്കുള്ള സ്പോൺസർഷിപ്പ് മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇതിൽ സഹകരിക്കുവാൻ താല്പര്യമുള്ളവർ M.S.S.S. ഡയറക്ടർ ബഹു. തോമസ് മുകളുംപുറത്ത് അച്ചനോട് ബന്ധപ്പെടുക (Mob: 9446703056).

ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

കർത്താവിൽ സ്നേഹപൂർവ്വം,

റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ
മുഖ്യ വികാരി ജനറാൾ, തിരുവനന്തപുരം മേജർ അതിഭദ്രാസനം.

N.B: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും സന്യസ്ത ഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



## സ്നേഹവിരുന്ന്

അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച് പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രൽ ക്യാമ്പസിൽ ആരംഭിക്കുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതി. ഈ പരിസര പ്രദേശങ്ങളിൽ ഉച്ചഭക്ഷണം ലഭിക്കാതെ ഇരിക്കുന്നവർക്കും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ പ്രാർത്ഥിക്കുവാൻ വരുന്നവർക്ക് നേർച്ചയായി ഉച്ചഭക്ഷണം താല്പര്യമുണ്ടെങ്കിൽ ഏവർക്കും ജാതി-മത ഭേദമന്യേ ഈ ഉച്ചഭക്ഷണ പദ്ധതി തിരുവനന്തപുരം മേജർ അതിഭദ്രാസനം ക്രമീകരിക്കുന്നു.

**സ്ഥലം:**

ഭക്ഷണവിതരണത്തിനുള്ള സ്ഥിരസംവിധാനം സെന്റ് മേരീസ് ക്യാമ്പസിൽ രൂപപ്പെടുന്നതുവരെ പട്ടം എം.എസ്സ്.എസ്സ്.എസ്സ്.-ൽ ഇത് നടത്തപ്പെടുന്നു.

**സമയം:**

ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും ഉച്ചയ്ക്ക് 12.30 മുതൽ 2 മണി വരെയുള്ള സമയം.

**സംഘാടനം:**

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി മുഖ്യ വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ ജനറൽ കൺവീനറും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് പുന്നൂസ് സെക്രട്ടറിയായും എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ ബഹു. തോമസ് മുകളുംപുറത്ത് അച്ചൻ ട്രഷററായുമുള്ള 9 അംഗ കമ്മറ്റി, M.S.S.S.-ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടത്തുന്നു.

**സാമ്പത്തികം:**

വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, ഇടവകകൾ, സന്നദ്ധസംഘടനകൾ നൽകുന്ന സംഭാവനയാണ്, ഈ ജീവകാരുണ്യ